# ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്

നാലാം നില, വികാസ് ഭവൻ, തിരുവനന്തപുരം - 33, ടെലിഫോൺ-0471-2300524, 2302090, 2300523

ഇ-മെയിൽ-director.mwd@kerala.gov.in, വെബ് സൈറ്റ്-www.minoritywelfare.kerala.gov.in


നം. MWD/526/2023-S തീയതി. 20.09.2023

'ഭരണ ഭാഷ-മാതൃഭാഷ'

**ന്യൂനപക്ഷ മതവിഭാഗങ്ങളിലെ പോളിടെക്നിക്ക് ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് 2023-24 അപേക്ഷ ക്ഷണിച്ചു**

## വിജ്ഞാപനം

സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ മത വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന നൽകി വരുന്ന **എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് 2023-24 വർഷത്തേയ്ക്കുള്ള അപേക്ഷ ക്ഷണിക്കുന്നു.**

സംസ്ഥാനത്തിലെ സ്ഥിര താമസക്കാരായ കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച സമുദായത്തിൽപ്പെട്ട മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കാണ് ഈ സ്കോളർഷിപ്പിന് അർഹത. **6,000/- രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്.** സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നല്കുന്നതാണ്. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. രണ്ടാം വർഷക്കാരേയും മൂന്നാം വർഷക്കാരേയും സ്കോളർഷിപ്പിനായി പരിഗണിക്കുന്നതാണ്. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് ലഭിച്ചവര് ഈ വർഷം അപേക്ഷിക്കേണ്ടതില്ല. 30% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കുന്നതാണ്. വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത് കുടുംബ വാർഷിക വരുമാനത്തിന്റെയും മാർക്കിന്റെയും അടിസ്ഥാനത്തിലായിരിക്കും. മാനദണ്ഡങ്ങൾക്കനുസൃതമായി 2023-24 സാമ്പത്തിക വർഷം 1365 ന്യൂനപക്ഷ വിദ്യാർത്ഥികളെയാണ് ജനസംഖ്യാനുപാതികമായി **തെരഞ്ഞെടുക്കുന്നത്. അപേക്ഷകർക്ക്** ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php - എന്ന ലിങ്ക് മുഖേന നേരിട്ടോ അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വെബ് സൈറ്റിലെ

സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി. **25.10.2023.** കൂടുതൽ വിവരങ്ങൾക്ക് 0471 2300524 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

**I. അപേക്ഷിക്കേണ്ട രീതി:**

1. scholarship.minoritywelfare.kerala.gov.in/dmw_ma/dmw_ind.php - എന്ന ലിങ്ക് അല്ലെങ്കിൽ *www.minoritywelfare.kerala.gov.in* - എന്ന വകുപ്പിന്റെ വെബ് സൈറ്റിലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേന – APJ Abdul Kalam (APJAK) എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Apply online - ൽ ക്ലിക്ക് ചെയ്യുക.
3. Registration form - ൽ തന്നിരിക്കുന്ന Examination details (register no/roll number –ൽ പത്താം ക്ലാസിലെ രജിസ്റ്റർ നമ്പർ നൽകുക), personal details, Scholarship details തുടങ്ങിയ tab - കളിൽ വരുന്ന ഫീൽഡുകൾ step by step ആയി Entry ചെയ്യുക
4. **Upload details tab-ൽ** (Photo, Signature, SSLC Certificate, Income Certificate, Ration Card Copy, Allotment Memo) എന്നിവ 100 KB - ൽ താഴെയാക്കി upload ചെയ്യുക.
5. Registration process complete ചെയ്ത് submit ചെയ്യുക.
6. സ്കോളർഷിപ്പിനായി അപേക്ഷ സമർപ്പിച്ചതിനുശേഷം View/ Print Application ക്ലിക്ക് ചെയ്ത് രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് എടുക്കുക.
7. രജിസ്ട്രേഷൻ ഫോമിന്റെ പ്രിന്റ് ഔട്ട് ചുവടെ പറയുന്ന രേഖകൾ സഹിതം വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപന മേധാവിക്ക് സമർപ്പിക്കണം.

**II. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ**

1. അപേക്ഷകരുടെ രജിസ്ട്രേഷൻ പ്രിന്റൗട്ട്.
2. എസ്.എസ്.എൽ.സി.,പ്ലസ്ടു/വി.എച്ച്.എസ്.ഇ തുടങ്ങിയവയുടെ മാർക്ക് ലിസ്റ്റിന്റെ പകർപ്പ്.
3. അലോട്ട്മെന്റ് മെമ്മോ - യുടെ പകർപ്പ്
4. അപേക്ഷകരുടെ സ്വന്തം പേരിലുള്ള ബാങ്ക് പാസ്സ് ബുക്കിന്റെ ഒന്നാമത്തെ പേജിന്റെ പകർപ്പ്
   **(പേര്, അക്കൗണ്ട് നമ്പർ, ബ്രാഞ്ച് കോഡ്, ബ്രാഞ്ചിന്റെ അഡ്രസ്സ് എന്നിവ** ഉൾപ്പെടുത്തിയിരിക്കണം).
5. ആധാർ കാർഡിന്റെ പകർപ്പ് അല്ലെങ്കിൽ എൻ.പി.ആർ കാർഡിന്റെ പകർപ്പ്.
6. നേറ്റിവിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്.
7. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്, അല്ലെങ്കിൽ മൈനോരിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്.
8. വരുമാന സർട്ടിഫിക്കറ്റ് (അസ്സൽ)വില്ലേജ് ഓഫീസിൽ നിന്ന്
9. റേഷൻ കാർഡിന്റെ പകർപ്പ്

## III. സ്ഥാപന മേധാവികളുടെ ശ്രദ്ധയ്ക്ക്

1. അപേക്ഷകർ സമർപ്പിച്ചിരിക്കുന്ന രേഖകൾ സ്ഥാപനമേധാവിയോ അദ്ദേഹം ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥനോ ഓൺലൈനായി പരിശോധിക്കണം **(Verification).**
2. **സൂക്ഷ്മ** പരിശോധന **(Verification)** പൂർത്തീകരിച്ച അപേക്ഷകൾ സ്ഥാപനമേധാവി ഓൺലൈൻ വഴി അംഗീകരിച്ചിരിക്കണം**(Approval).**
3. എല്ലാ രേഖകളുടെയും നിജസ്ഥിതി സ്ഥാപനമേധാവി ഉറപ്പ് വരുത്തണം.
4. ബാങ്ക് അക്കൗണ്ട് സംബന്ധമായ രേഖകൾ (Account No, IFSC Code, Bank with Branch Name(latest)) ശരിയാണോ എന്ന് പ്രത്യേകം സ്ഥാപനമേധാവി പരിശോധിച്ച് ഉറപ്പ് വരുത്തണം. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് reject ആവുകയാണെങ്കിൽ വകുപ്പ് ഉത്തരവാദിയല്ല.
5. വിജ്ഞാപനത്തിലെ നിശ്ചിത തീയതിക്കകം സ്ഥാപനമേധാവി അപേക്ഷകളിൽ പരിശോധന നടത്തി അംഗീകരിച്ചിരിക്കണം. ഇതിൽ വീഴ്ച വരുത്തിയാൽ സ്ഥാപന മേധാവി ഉത്തരവാദിയായിരിക്കും.
6. ഗവൺമെന്റ്/എയ്ഡഡ് സ്ഥാപനങ്ങളിൽ ഓൺലൈൻ വഴി വെരിഫിക്കേഷനും അപ്രൂവലും ചെയ്ത അപേക്ഷകള് അതതു സ്ഥാപനങ്ങളിൽ തന്നെ സൂക്ഷിക്കേണ്ടതും, സ്വാശ്രയ പോളിടെക്നിക്കുകളിലെ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ടതുമാണ്. വിലാസം:- **ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, നാലാം നില, വികാസ് ഭവൻ,** തിരുവനന്തപുരം-695033.

## IV. അവസാന തീയതികള്

1. വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി: **25.10.2023**
2. ഓൺലൈനായി രജിസ്ട്രേഷൻ പ്രിൻറൗട്ടും മറ്റു അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി. **27.10.2023**
3. സ്ഥാപനമേധാവികൾ ടി അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ഓൺലൈനായി അപ്രൂവൽ നൽകേണ്ട അവസാന തീയതി. **31.10.2023**
4. സ്ഥാപനമേധാവികൾ അപ്രൂവൽ നൽകിയ അപേക്ഷകൾ ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിലേക്ക് എത്തിക്കേണ്ട അവസാന തീയതി. **04.11.2023**

അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
ഡയറക്ടർക്കുവേണ്ടി